ടി.കെ ഉബൈദ്

1207

സൂറ - 44

# അദ്ദുഖാൻ

**സൂക്തം 01-06**

വഴിതെറ്റുന്നവരെ താക്കീതു ചെയ്യാനും നേർവഴിക്ക് ചരിക്കുന്നവർക്ക് സുവിശേഷം നൽകാനും ദൂതന്മാരെ നിയോഗിക്കുക എന്ന ദൈവിക ചര്യക്കും മഹത്തായ അർഥവും ലക്ഷ്യവുമുണ്ട്. വിധാതാവിന് സൃഷ്ടികളോടുള്ള അപാരമായ കാരുണ്യത്തിന്റെ താൽപര്യമാണത്. തന്റെ സൃഷ്ടികൾ വഴിതെറ്റി ചരിച്ച് ജീവിതം പാഴാക്കുന്നത് അവൻ ഇഷ്ടപ്പെടുന്നില്ല. അവർ സന്മാർഗത്തിൽ ചരിച്ച് ജീവിതം സഫലീകരിച്ച് സ്വർഗം പ്രാപിക്കുന്നതാണ് അവന്നിഷ്ടം.

## ആമുഖം

സൂറയുടെ ഔദ്യോഗിക നാമം 'അദ്ദുഖാൻ' ആണെന്നതിൽ തർക്കമില്ല. ഹാ-മീം-അദ്ദുഖാൻ എന്നും പറയും. പത്താം സൂക്തത്തിൽ വന്നിട്ടുള്ള പദമാണിത്. ധൂമമാണ് 'ദുഖാൻ. സൂറ നാമമായി ദുഖാൻ തെരഞ്ഞെടുത്തതിൽ രണ്ട് ഔചിത്യങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു: 1) പ്രവാചകന്റെ പ്രാർഥനാ ഫലമായി മക്കാ വാസികൾ നേരിട്ട പരീക്ഷണത്തിന്റെ ഭാഗമായിരുന്നു ഈ സൂറ പരാമർശിക്കുന്ന ധൂമാവൃതമായ ആകാശം. അത് സൂറയുടെ ആദ്യ സംബോധിതരെ സംബന്ധിച്ചേടത്തോളം ഏറെ പ്രധാനവും പ്രസക്തവുമായിരുന്നു. 2) ലോകാവസാനത്തിന്റെ പ്രാരംഭ ലക്ഷണമായും ആകാശം ധൂമാവൃതമാകും. മനുഷ്യവർഗത്തിന്റെ വിനാശത്തിന്റെ നാന്ദിയാകുന്ന ആ സംഭവവും അതീവ ഗുരുതരമാണല്ലോ.

*അദ്ദുഖാൻ* മക്കയിൽ അവതരിച്ച സൂറയാണെന്ന് പൊതുവിൽ സമ്മതിക്കപ്പെട്ടിരിക്കുന്നു. സൂറ *അസ്സുഖ്റുഫി*ന്റെയും അതിനു തൊട്ടുള്ള സൂറകളുടെയും അവതരണ കാലം തന്നെയാണിതിന്റെയും അവതരണ കാലം. *അസ്സുഖ്റുഫിനു* മുമ്പാണ് *അദ്ദുഖാനി*ന്റെ അവതരണമെന്ന് പൊതുവിൽ കരുതപ്പെടുന്നു. മുസ്ഹഫിൽ 44-ാമത്തേതായി ചേർത്തിട്ടുള്ള *അദ്ദുഖാൻ* അവതരണ ക്രമമനുസരിച്ച് 63-ാം സൂറയാണ്.

ഹാമീം കൊണ്ടു തുടങ്ങുന്ന തൊട്ടു മുമ്പുള്ള സൂറകളുടേതു തന്നെയാണ് ഈ സൂറയുടെയും പ്രമേയം- തൗഹീദും ആഖിറത്തും അതു നിഷേധിക്കുന്നവരുടെ പരിണതിയും. മുമ്പു വന്ന 38 മുതൽ ഇതുവരെയുള്ള സൂറകളെന്ന പോലെ ഈ സൂറയും ആമുഖമായി വിശുദ്ധ ഖുർആനിന്റെ ദൈവികതയും മഹത്വവും സൃഷ്ടികൾ അതു സ്വീകരിച്ചനുസരിക്കേണ്ടതിന്റെ ആവശ്യകതയും ഉദ്ബോധിപ്പിച്ചിരിക്കുന്നു. പ്രവാചകന്മാരെയും വേദങ്ങളെയും നിഷേധിക്കുന്ന ധർമധിക്കാരികൾക്ക് പരലോകത്ത് മാത്രമല്ല ഈ ലോകത്തും നെടുതായ കെടുതികൾ അനുഭവിക്കേണ്ടി വരുമെന്ന് താക്കീത് ചെയ്യുന്നു. അതിന് ചരിത്രപരമായ സാക്ഷ്യമായി ഫറവോനികളുടെ കഥ ഉദ്ധരിക്കുന്നു. മുഹമ്മദ് നബി(സ) ഖുറൈശികളെ പ്രബോധനം ചെയ്യുന്നതുപോലെ മൂസാ(അ) അവരെ സത്യത്തിലേക്കും ധർമത്തിലേക്കും പ്രബോധനം ചെയ്തു. പക്ഷേ, സ്വന്തം സമ്പത്തിലും അധികാരത്തിലും പ്രതാപത്തിലും അതിരുവിട്ട് അഹങ്കരിച്ച അവർ അദ്ദേഹത്തെ പുഛിച്ചു തള്ളി. ഒടുവിൽ അവർ ശിക്ഷിക്കപ്പെടാനുള്ള എല്ലാ ന്യായങ്ങളും പൂർത്തിയായപ്പോൾ അല്ലാഹു അവരെ നശിപ്പിച്ചു കളയുകയായിരുന്നു.

അവർ അടിമകളാക്കി അടിച്ചമർത്തിയിരുന്ന ഇസ്രാഈല്യരെ അല്ലാഹു ലോകരിൽ തന്നെ ഏറ്റം അന്തസ്സുറ്റ ജനതയാക്കി മാറ്റുകയും ചെയ്തു.

തുടർന്ന് ഖുറൈശികൾ സത്യനിഷേധത്തിൽ ശഠിച്ചു നിൽക്കുന്നതിന്റെ മൗലിക കാരണത്തിലേക്ക് വിരൽ ചൂണ്ടുന്നു. ഭൗതിക സുഖഭോഗങ്ങളിലുള്ള അന്ധമായ ആസക്തിയും ഭൗതിക ജീവിതത്തിനു ശേഷവും ജീവിതമുണ്ട് എന്ന വിചാരമില്ലാത്തതുമാണത്. പരലോകം പറഞ്ഞ് പേടിപ്പിക്കുന്നത് ഒരു തമാശയായിട്ടാണവർ കാണുന്നത്. അത്തരം ആളുകളിൽ പരലോക ബോധം സന്നിവേശിപ്പിക്കുന്നതിനു വേണ്ടി ബൗദ്ധികവും നൈയാമികവുമായ പ്രമാണങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അതോടൊപ്പം പരലോക ബോധത്തോടെ ജീവിതം നയിച്ചവരോടും പരലോകത്തെ നിഷേധിച്ച് ജീവിച്ചവരോടും അല്ലാഹു വ്യത്യസ്തമായ സമീപനമാണ് സ്വീകരിക്കുക എന്ന് സഗൗരവം ഉണർത്തുന്നു. പരലോക ഭയത്തോടെ ജീവിച്ചവർക്ക് അതിന്റെ സൽഫലമായി പരലോകത്ത് അനന്തമായ സൗഭാഗ്യ ജീവിതം നേടാം. പരലോകത്തെ നിഷേധിച്ചു വാണവർക്ക് ഒരുക്കിവെച്ചിട്ടുള്ളത് നിത്യ നരകമാകുന്നു.

ഖുർആനിന്റെ മഹത്വം പറഞ്ഞു തുടങ്ങിയ സൂറ അതേ വിഷയത്തിൽ തന്നെയാണ് അവസാനിക്കുന്നതും. ഈ ഖുർആൻ തെളിഞ്ഞ അറബി ഭാഷയിൽ അവതരിപ്പിച്ചത് അല്ലാഹു അറബികളോട് പൊതുവിലും ഖുറൈശികളോട് പ്രത്യേകിച്ചും ചെയ്ത പ്രത്യേക അനുഗ്രഹമാകുന്നു. ലോകത്തിനാകമാനം സന്മാർഗ പ്രകാശം ചൊരിയുന്ന നിത്യ ദീപമാണവരുടെ കരങ്ങളിലർപ്പിച്ചിരിക്കുന്നത്. അവർ അത് കൈക്കൊള്ളാനും മാനിക്കാനും തയാറാകുന്നില്ലെങ്കിൽ അനന്തര ഫലം ഭീകരമായ ദുരന്തമായിരിക്കും.

സ്വജനത്തിന്റെ നിഷേധത്തിൽ വേപഥു കൊള്ളുന്ന പ്രവാചകനെ സമാശ്വസിപ്പിച്ചുകൊണ്ടാണ് സൂറ അവസാനിക്കുന്നത്. ഈ ജനം ഖുർആനാകുന്ന ഈ ദൈവാനുഗ്രഹത്തെ തള്ളിക്കളയുകയും ദൈവദൂതനെ നിഷേധിക്കുകയും ചെയ്യുന്നുവെങ്കിൽ അത് പ്രവാചകന്റെ കുറ്റമല്ല. അല്ലാഹുവിങ്കൽനിന്നുള്ള കൊടിയ ശിക്ഷ ചോദിച്ചുവാങ്ങുകയാണീ ജനം. കാത്തിരുന്നുകൊള്ളട്ടെ, സമയമായാൽ അല്ലാഹു അതവർക്ക് നൽകുക തന്നെ ചെയ്യും. അതിന്റെ ആഗമനം പ്രതീക്ഷിച്ചിരിക്കുകയേ പ്രവാചകന്നും ചെയ്യാനുള്ളൂ.

മുൻ സൂറയുടെയും ഈ സൂറയുടെയും പ്രമേയം ഒന്നുതന്നെയാകുന്നു എന്നതാണ് അവ തമ്മിലുള്ള പ്രധാന ബന്ധം. രണ്ടിന്റെയും തുടക്കം ഖുർആനിനെ സാക്ഷിയാക്കി സത്യം ചെയ്തുകൊണ്ടാണ്. നിഷേധികൾ കുതർക്കങ്ങളിൽ അഭിരമിച്ചുകൊള്ളട്ടെ, അവർ താക്കീതു ചെയ്യപ്പെട്ട ദിനം വന്നെത്തുമ്പോൾ യാഥാർഥ്യം ബോധ്യമായിക്കൊള്ളും. പ്രവാചകൻ അവർക്ക് സലാം ചൊല്ലി പിരിഞ്ഞുപോവുക എന്നു പറഞ്ഞുകൊണ്ടാണ് മുൻ സൂറ സമാപിക്കുന്നത്. മുഖവുര കഴിഞ്ഞ ഉടനെ വാഗ്ദത്തം ചെയ്യപ്പെട്ട അന്ത്യദിനത്തിന്റെ ഭീകരത വർണിക്കുന്നു. കഴിഞ്ഞ സൂറയെന്ന പോലെ ഈ സൂറയും മൂസാ-ഫറവോ ചരിത്രം അനുസ്മരിക്കുകയും പ്രവാചക സന്ദേശത്തോട് ഫറവോനികളും ഖുറൈശികളും സ്വീകരിച്ച സമീപനത്തിന്റെ സാദൃശ്യം സൂചിപ്പിക്കുകയും ചെയ്യുന്നു.

ഈ സൂറയുടെ ശ്രേഷ്ഠതയെ കുറിക്കുന്ന കുറെ നിവേദനങ്ങളുണ്ട്. എല്ലാറ്റിനും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള ദൗർബല്യങ്ങളുണ്ടെന്നാണ് ഹദീസ് വിശാരദന്മാർ പറയുന്നത്. മിക്ക നിവേദനങ്ങളും പറയുന്നത് വെള്ളിയാഴ്ച രാവിൽ *സൂറത്തുദ്ദുഖാൻ* പാരായണം ചെയ്യുന്നവരുടെ പാപങ്ങൾ പൊറുക്കപ്പെടുമെന്നാണ്. ചില നിവേദനങ്ങൾ പാപമുക്തിയോടൊപ്പം, ഹൂറികളുമായുള്ള വിവാഹവും വാഗ്ദാനം ചെയ്യുന്നു. വെള്ളിയാഴ്ച രാവിൽ *സൂറതുദ്ദുഖാൻ* പാരായണം ചെയ്യുന്നവർക്കു വേണ്ടി സ്വർഗത്തിൽ അല്ലാഹു വീട് പണിതുവെക്കും എന്നാണ് വേറെ ചില നിവേദനങ്ങൾ. ●

**പരലോക ബോധത്തോടെ ജീവിതം നയിച്ചവരോടും പരലോകത്തെ നിഷേധിച്ച് ജീവിച്ചവരോടും അല്ലാഹു വ്യത്യസ്തമായ സമീപനമാണ് സ്വീകരിക്കുക എന്ന് സഗൗരവം ഉണർത്തുന്നു.**

سُورَةُ الدُّخَانِ

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## ഖുർആൻ ബോധനം

حمٓ ۝١ وَٱلۡكِتَٰبِ ٱلۡمُبِينِ ۝٢ إِنَّآ أَنزَلۡنَٰهُ فِي لَيۡلَةٖ مُّبَٰرَكَةٍۚ إِنَّا كُنَّا مُنذِرِينَ ۝٣
فِيهَا يُفۡرَقُ كُلُّ أَمۡرٍ حَكِيمٍ ۝٤ أَمۡرٗا مِّنۡ عِندِنَآۚ إِنَّا كُنَّا مُرۡسِلِينَ ۝٥
رَحۡمَةٗ مِّن رَّبِّكَۚ إِنَّهُۥ هُوَ ٱلسَّمِيعُ ٱلۡعَلِيمُ ۝٦

*1*
*ഹാ-മീം*
*2*
*ഈ തെളിഞ്ഞ വേദമാണ!*
*3*
*നാമത് ഇറക്കിത്തന്നിരിക്കുന്നത് ഒരനുഗൃഹീത രാവിലാകുന്നു. മുന്നറിയിപ്പ് നൽകുന്നവൻ തന്നെയാണ് നാം.*
*4*
*ആ രാവിലത്രെ സകല സംഗതികളും യുക്തയുക്തമായി വിവേചനം ചെയ്ത് തീരുമാനിക്കപ്പെടുന്നത്.*
*5*
*ആ നടപടി നമ്മുടെ പക്കൽനിന്നുള്ള ഉത്തരവിനാലാകുന്നു.*
*6*
*നിന്റെ നാഥങ്കൽനിന്നുള്ള കാരുണ്യമായിട്ടത്രെ അത്. അവൻ മാത്രമാണല്ലോ സർവ ശ്രോതാവും സർവജ്ഞനും*

**അല്ലാഹു ഖുർആൻ അവതരിപ്പിച്ചു തന്നത് ഒരു അനുഗൃഹീത രാവിലാണ്. ആ രാവ് ലൈലത്തുൽ ഖദ്ർ -വിധി നിർണയിക്കുന്ന രാവാണ്.**

| | |
|---|---|
| ഹാ-മീം | حمٓ |
| ഈ വേദം (ഖുർആൻ) ആണ! | وَالْكِتَابِ |
| തെളിഞ്ഞ, സുവ്യക്തമായ | الْمُبِينِ |
| നാം അത് ഇറക്കി (ത്തന്നിരിക്കുന്നത്) | إِنَّا أَنزَلْنَاهُ |
| ഒരു അനുഗൃഹീത രാവിലാകുന്നു | فِي لَيْلَةٍ مُّبَارَكَةٍ |
| നാം മുന്നറിയിപ്പ് നൽകുന്ന(വൻ തന്നെ) ആയിരുന്നു (ആണ്) | إِنَّا كُنَّا مُنذِرِينَ |
| ആ രാവിൽ (അത്രെ) | فِيهَا |
| വേർതിരിക്കപ്പെടുന്നു (വിവേചനം ചെയ്തു തീരുമാനിക്കപ്പെടുന്നത്) | يُفْرَقُ |
| സകല സംഗതിയും, കൽപനയും | كُلُّ أَمْرٍ |
| വിധികർത്താവിന്റെ, യുക്തിയുക്തമായി, സുദൃഢമായി, സുവ്യക്തമായി | حَكِيمٍ |
| (ആ നടപടി) നമ്മുടെ പക്കൽനിന്നുള്ള ഉത്തര(വിനാലാകുന്നു)വായിട്ടാകുന്നു | أَمْرًا مِّنْ عِندِنَا |
| ദൈവദൂതന്മാരെ അയക്കുന്നവൻ(വൻ തന്നെയാണ്) ആയിരുന്നു നാം | إِنَّا كُنَّا مُرْسِلِينَ |
| നിന്റെ നാഥങ്കൽനിന്നുള്ള കാരുണ്യം ആയിട്ട് (അത്രെ അത്) | رَحْمَةً مِّن رَّبِّكَ |
| തീർച്ചയായും അവൻ മാത്രമാണ് (ണല്ലോ) | إِنَّهُ هُوَ |
| സർവ ശ്രോതാവും സർവജ്ഞനും | السَّمِيعُ الْعَلِيمُ |

മുൻ സൂറ പോലെ ഹാ-മീം വൽകിതാബിൽ മുബീൻ എന്നാണ് സൂറയുടെ തുടക്കം. ഇതിന്റെ വിശദീകരണം മുൻ സൂറയുടെ തുടക്കത്തിൽ വന്നിരിക്കുന്നു. അൽകിതാബ് ഖുർആനാണ്. അത് ഭൗതികവും ആത്മീയവുമായ എല്ലാ അടിസ്ഥാന തത്ത്വങ്ങളും വിവരിച്ചു തരുന്ന 'മുബീൻ' ആയ വേദമാണ്. ഈ വേദത്തിന്റെ മഹത്വത്തിന് ഏറ്റവും വലിയ സാക്ഷി ഈ വേദം തന്നെ. ഖുർആൻ മനനം (തദബ്ബുർ) ചെയ്തു വായിക്കുന്നവർക്ക് അക്കാര്യം ബോധ്യമാകും.

അല്ലാഹു ഖുർആൻ അവതരിപ്പിച്ചു തന്നത് ഒരു അനുഗൃഹീത രാവിലാണ്. ആ രാവ് ലൈലത്തുൽ ഖദ്ർ -വിധി നിർണയിക്കുന്ന രാവാണ്- إِنَّا أَنزَلْنَاهُ فِي لَيْلَةِ الْقَدْرِ - "ഖുർആൻ നാം വിധിനിർണയ രാവിൽ ഇറക്കി" (97:1). ലൈലത്തുൽ ഖദ്ർ റമദാൻ മാസത്തിലാണ്. شَهْرُ رَمَضَانَ الَّذِي أُنزِلَ فِيهِ الْقُرْآنُ هُدًى لِّلنَّاسِ وَبَيِّنَاتٍ مِّنَ الْهُدَىٰ وَالْفُرْقَانِ

"മനുഷ്യർക്കാകമാനം മാർഗദർശകമായും സുവ്യക്തമായ സന്മാർഗ പ്രമാണങ്ങളായും സത്യാസത്യങ്ങളെ വേർതിരിച്ചു കാണിക്കുന്ന ഉരകല്ലായും ഖുർആൻ അവതരിച്ച മാസമാകുന്നു റമദാൻ" (2:185).

ഖുർആൻ അനുഗൃഹീത രാവിൽ അഥവാ വിധിനിർണയ രാവിൽ അവതരിപ്പിച്ചു എന്നു പറഞ്ഞതിന്റെ താൽപര്യം ഖുർആൻ മുഴുവൻ ഒറ്റയടിക്ക് ആ രാവിൽ പ്രവാചകന് അവതരിപ്പിച്ചുകൊടുത്തു എന്നല്ല; പ്രത്യുത ആ രാവിൽ ഖുർആനിന്റെ അവതരണം ആരംഭിച്ചു എന്നാണ്. ചില പണ്ഡിതന്മാർ ഇങ്ങനെയും വ്യാഖ്യാനിച്ചിട്ടുണ്ട്: ഖുർആൻ ഉമ്മുൽ കിതാബിൽനിന്ന് അഥവാ ലൗഹുൽ മഹ്ഫൂളിൽനിന്ന് (അല്ലാഹുവിങ്കലുള്ള അടിസ്ഥാന രേഖ; സൃഷ്ടി -സ്ഥിതി-സംഹാരങ്ങളുടെ സകല കാര്യങ്ങളും രേഖപ്പെട്ടിട്ടുള്ള സുരക്ഷിത ഫലകം) മലക്ക് ജിബ്രീലിലേക്കിറക്കിയത് ലൈലത്തുൽ ഖദ്റിലാണ്. ജിബ്രീൽ 23 കൊല്ലക്കാലം കൊണ്ട് അതിലെ സൂക്തങ്ങൾ സന്ദർഭോചിതമായി മുഹമ്മദ് നബിയെ ബോധനം ചെയ്യുകയായിരുന്നു. ഖുർആൻ അവതരിച്ചു തുടങ്ങിയത് ശഅ്ബാൻ പതിനഞ്ചിനാണ് എന്ന് ഇക്‌രിമയിൽനിന്ന് ഒരു നിവേദനമുണ്ട്. ഖുർആനിന്റെ നസ്സ്വിനു (ഖണ്ഡിതമായ പ്രസ്താവനക്ക്) എതിരാകയാൽ അധികമാളുകളും അതു സ്വീകരിച്ചിട്ടില്ല.

റമദാനിലെ ഏതു ദിവസമാണ് ലൈലത്തുൽ ഖദ്ർ -ലൈലത്തുൻ മുബാറക- എന്ന് കൃത്യമായി ഖുർആനോ സുന്നത്തോ പറയുന്നില്ല. റമദാൻ 25, 27 എന്നിങ്ങനെയുള്ള ഒറ്റ രാവുകളിൽ അതു പ്രതീക്ഷിക്കാമെന്ന് ഹദീസുകൾ പഠിപ്പിക്കുന്നു. ലൈലത്തുൽ ഖദ്ർ റമദാൻ 27-ാം രാവാണെന്ന് വിശ്വാസികൾ പൊതുവിൽ കരുതുന്നു. ലൈലത്തുൽ ഖദ്റിന്റെ തീയതി കൃത്യമായി വെളിപ്പെടുത്താതിരുന്നത് റമദാനിലെ അവസാന പത്തിലെ എല്ലാ ഒറ്റ രാവുകളിലും വിശ്വാസികൾ കൂടുതൽ പുണ്യകർമങ്ങളിലേർപ്പെടാൻ പ്രേരിതരാകുന്നതിനു വേണ്ടിയാണെന്ന് പണ്ഡിതന്മാർ വിശദീകരിച്ചിരിക്കുന്നു. ലൈലത്തുൽ ഖദ്റിൽ ചെയ്യുന്ന ആരാധനാകർമങ്ങൾക്കും ദാനധർമങ്ങൾക്കുമൊക്കെ അനേകമിരട്ടി പുണ്യവും പ്രതിഫലവുമുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. لَيْلَةُ الْقَدْرِ خَيْرٌ مِّنْ أَلْفِ شَهْرٍ -'ആയിരം മാസത്തെക്കാൾ പുണ്യമാർന്ന രാവാണത്' (97:3). അന്ന് അഭൗതിക ലോകം ഭൗതിക ലോകത്തെ പുൽകുന്നു. ആത്മീയത അതിന്റെ ചൈതന്യം ഭൗതിക സൃഷ്ടികളിൽ പ്രസരിക്കുന്ന നാൾ. സൃഷ്ടിലോകത്തിന്റെ തന്നാണ്ടിലെ എല്ലാ കാര്യങ്ങളും അന്നു തീരുമാനിക്കപ്പെടുന്നു. ജനിമൃതികൾ, നന്മ തിന്മകൾ, ആയുസ്സ്, ആഹാരം എല്ലാം. അഭൗതിക ലോകം അതിന്റെ വിധിയുമായി സന്ധിക്കുന്ന രാവ് എന്നും പറയാം. تَنَزَّلُ الْمَلَائِكَةُ وَالرُّوحُ فِيهَا بِإِذْنِ رَبِّهِم مِّن كُلِّ أَمْرٍ -'ലൈലത്തുൽ ഖദ്റിൽ മലക്കുകളും റൂഹും വിധാതാവിന്റെ അനുമതിയോടെ സമസ്ത സംഗതികളുടെയും വിധിയുംകൊണ്ടിറങ്ങിവരുന്നു' (97:4). ആ നിലക്ക് ഭൗതിക ലോകം അതിന്റെ വിധിയുമായി സംഗമിക്കുന്ന ദിനം തന്നെയാണത്. ലൈലത്തുൽ ഖദ്റിന്റെ യാഥാർഥ്യം വിശദമായി മനസ്സിലാക്കുക എളുപ്പമല്ല. അർഥം പൂർണ രൂപത്തിൽ കൃത്യമായി ഗ്രഹിക്കാനാവാത്ത അവ്യക്ത - മുതശാബിഹാത്ത്- ആയ വചനങ്ങളിൽ പെട്ടതാണിത്. പാവനവും അനുഗൃഹീതവുമായ സുദിനം എന്ന് മൊത്തത്തിൽ മനസ്സിലാക്കി വരുന്നു.

ജനത്തിന് ധർമഭ്രംശത്തിന്റെ കെടുതികളെക്കുറിച്ച് മുന്നറിയിപ്പു നൽകുക നമ്മുടെ ചര്യയാകുന്നു എന്നാണ് إِنَّا كُنَّا مُنذِرِينَ ന്റെ താൽപര്യം. ഖുർആൻ അവതരിപ്പിച്ചതിന്റെ കാരണവും ലക്ഷ്യവുമാണിത്. മനുഷ്യരെ മാർഗദർശനം ചെയ്യാൻ ദൈവദൂതന്മാരെ, അതും മനുഷ്യരായ ദൈവദൂതന്മാരെ അയക്കുന്ന പതിവ് അല്ലാഹുവിനില്ല എന്ന ജാഹിലീ അറബികളുടെ വിശ്വാസത്തിന്റെ നിഷേധം കൂടിയാണീ വാക്യവും അടുത്ത സൂക്തത്തിലെ إِنَّا كُنَّا مُرْسِلِينَ എന്ന വാക്യവും.

ഈ വേദം അനുഗൃഹീത രാവിൽ തന്നെ അവതരിപ്പിച്ചതിന്റെ ന്യായമാണ് فِيهَا يُفْرَقُ كُلُّ أَمْرٍ حَكِيمٍ ; അന്ന് 'ഹകീം' ആയ കാര്യങ്ങളെല്ലാം വിവേചിച്ചു വിധിക്കുന്നു എന്നത്. സത്യാസത്യ

**അല്ലാഹുവിന്റെ മുന്നറിയിപ്പുകൾ അടിമകളെ അറിയിക്കാൻ ദൂതന്മാരെ നിയോഗിക്കുക എന്നതും അല്ലാഹുവിന്റെ ചര്യയിൽ പെട്ടതാകുന്നു.**

ങ്ങൾ വിവേചിച്ചു കാണിച്ചു തരുന്ന ഉരകല്ല് -فرقان- ആണ് ഖുർആൻ എന്ന് ഖുർആൻ 25:1-ൽ പറയുന്നുണ്ട്: تَبَارَكَ الَّذِي نَزَّلَ الْفُرْقَانَ عَلَىٰ عَبْدِهِ لِيَكُونَ لِلْعَالَمِينَ نَذِيرًا- "ലോകർക്കൊക്കെയും മുന്നറിയിപ്പാകുന്നതിനു വേണ്ടി തന്റെ ദാസന് ഫുർഖാൻ അവതരിപ്പിച്ചു കൊടുത്തവൻ അത്യധികം അനുഗ്രഹമുടയവനത്രെ." يفرق വിന് വേർതിരിക്കപ്പെടുന്നു എന്നും വിശദീകരിക്കപ്പെടുന്നു എന്നും അർഥമാവാം. രണ്ടായാലും ദൈവിക വിധികളുടെ വൈശദ്യമാണുദ്ദേശ്യം. كُلُّ أَمْرٍ എല്ലാ സംഗതികളുമാകാം, എല്ലാ കൽപനകളുമാകാം. قدر മായി കൂടുതൽ ചേരുക കൽപനയാണ്. 'സംഗതികൾ' എന്നു പറയുന്നതിൽ കൽപനകളും ഉൾപ്പെടുന്നതിനാൽ വിശാലമായ അർഥം അതാണ്. حَكِيم വ്യക്തിയുടെ വിശേഷണമാകുമ്പോൾ ജ്ഞാനിയും താത്ത്വികനും യുക്തിജ്ഞനും വിധികർത്താവുമൊക്കെയാകുന്നു. വസ്തുക്കളുടെയും വിഷയങ്ങളുടെയും വിശേഷണമാകുമ്പോൾ യുക്തിയുക്തം, സുദൃഢം, സുവ്യക്തം തുടങ്ങിയ അർഥങ്ങളാകുന്നു. ഈ സന്ദർഭത്തിൽ അർഥം ഒടുവിൽ പറഞ്ഞതാണ്. അതായത്, അന്ന് ലോകത്തിന്റെ സകല കാര്യങ്ങളും യുക്തിപൂർവകമായും സുവ്യക്തമായും സുദൃഢമായും നിർണയിക്കപ്പെടുന്നു. ആ വിധികളിൽ യാതൊരയവുമുണ്ടാവില്ല, മാറ്റവുമുണ്ടാവില്ല. ഫുർഖാൻ- സത്യാസത്യ വിവേചകം- ആയ ഖുർആന്റെ അവതരണം ഇത്തരം ഒരു പവിത്രമായ വിധിനിർണായക നാളിലാവുക എന്നത് ഒരു വശത്ത് ഖുർആനിന്റെയും മറുവശത്ത് ആ നാളിന്റെയും ഗൗരവത്തെയും മഹത്വത്തെയും സൂചിപ്പിക്കുന്നു.

أَمْرًا مِّنْ عِندِنَا എന്ന വാക്യം മുൻ സൂക്തം പറഞ്ഞ, വിവേചിച്ചു വിശദീകരിച്ച് യുക്തിയുക്തമായി തീരുമാനിക്കുന്നതിന്റെ ആധികാരികതയും ഗൗരവവും വ്യക്തമാക്കുകയാണ്. അത് യാദൃച്ഛികമോ അലസമോ ആയ നടപടിയല്ല. പ്രപഞ്ച വിധാതാവായ അല്ലാഹുവിങ്കൽനിന്നുള്ള ഉത്തരവിനാൽ സംഭവിക്കുന്നതാണ്. അതിനാൽ, അല്ലാഹുവിന്റെ അടിമകൾ അതിനെ ഏറ്റം ഭക്തിയോടെയും ബഹുമാനത്തോടെയും സ്വീകരിക്കുകയും ആത്മാർഥമായി അനുസരിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ ഖുറൈശികൾ ചെയ്യുന്നതുപോലെ പരിഹസിച്ചു തള്ളുകയും അതിന്റെ വാഹകരെ ദ്രോഹിക്കുകയുമാണെങ്കിൽ അത് ലോകനാഥനോട് കാണിക്കുന്ന ധിക്കാരവും കടുത്ത കൃതഘ്നതയുമായിരിക്കും. അത്തരമാളുകൾ കൊടിയ ദൈവശിക്ഷക്കിരയാകുന്നതാണ്. إِنَّا كُنَّا مُرْسِلِينَ മുൻ സൂക്തത്തിലെ إِنَّا كُنَّا مُنذِرِينَ യുടെ മറ്റൊരു ഭാഷ്യമാകുന്നു. അല്ലാഹുവിന്റെ മുന്നറിയിപ്പ് (انذار) സൃഷ്ടികളെ അറിയിക്കാനുള്ള മാധ്യമമാണ് മുർസൽ- അയക്കപ്പെട്ടവൻ, ദൂതൻ എന്നർഥം. മുർസിൽ 'അയച്ചവൻ' ആണ്. അല്ലാഹുവിന്റെ മുന്നറിയിപ്പുകൾ അടിമകളെ അറിയിക്കാൻ ദൂതന്മാരെ നിയോഗിക്കുക എന്നതും അല്ലാഹുവിന്റെ ചര്യയിൽ പെട്ടതാകുന്നു.

**ഓരോ സൃഷ്ടിയും അതിന്റെ ജീവിതചക്രം പൂർത്തിയാക്കിയ ശേഷം അല്ലാഹുവിന്റെ അറിവിലുള്ള, അവരുടെ നന്മകൾക്ക് രക്ഷയും തിന്മകൾക്ക് ശിക്ഷയും അനുഭവിക്കേണ്ടി വരും.**

വഴിതെറ്റുന്നവരെ താക്കീതു ചെയ്യാനും നേർവഴിക്ക് ചരിക്കുന്നവർക്ക് സുവിശേഷം നൽകാനും ദൂതന്മാരെ നിയോഗിക്കുക എന്ന ദൈവിക ചര്യക്കും മഹത്തായ അർഥവും ലക്ഷ്യവുമുണ്ട്. വിധാതാവിന് സൃഷ്ടികളോടുള്ള അപാരമായ കാരുണ്യത്തിന്റെ താൽപര്യമാണത്. തന്റെ സൃഷ്ടികൾ വഴിതെറ്റി ചരിച്ച് ജീവിതം പാഴാക്കുന്നത് അവൻ ഇഷ്ടപ്പെടുന്നില്ല. അവർ സന്മാർഗത്തിൽ ചരിച്ച് ജീവിതം സഫലീകരിച്ച് സ്വർഗം പ്രാപിക്കുന്നതാണ് അവന്നിഷ്ടം. അതുകൊണ്ട് ദയാപരനും കരുണാമയനുമായ വിധാതാവ് അടിമകൾ വഴിതെറ്റാതിരിക്കാനും സന്മാർഗം പ്രാപിക്കാനും ഒരുക്കിയ ഏർപ്പാടുകളാണ് പ്രവാചക നിയോഗവും വേദാവതരണവും. അടിമകളുടെ ജഡിക ജീവിതത്തിനാവശ്യമായ വിഭവങ്ങൾ ഒരുക്കിയതുപോലെ ആത്മീയ ജീവിതത്തിനാവശ്യമായ വിഭവങ്ങളും ഒരുക്കിത്തന്നിരിക്കുകയാണവൻ. മഹത്തായ ഈ ദൈവാനുഗ്രഹത്തെ അർഹിക്കുന്ന വിധം മാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നില്ലെങ്കിൽ അതിന്റെ ദോഷം അല്ലാഹുവിനോ അവന്റെ ദൂതന്മാർക്കോ അല്ല, അനുഗ്രഹ നിഷേധികൾക്കു തന്നെയാണ്. ഈ താക്കീതിന്റെ വിശദാംശങ്ങളാണ് തുടർന്നു വരുന്ന സൂക്തങ്ങൾ ഉൾക്കൊള്ളുന്നത്.

ഇവിടെ إِنَّهُ هُوَ السَّمِيعُ الْعَلِيمُ എന്നു പ്രസ്താവിച്ചതിന്റെ സാന്ദർഭികമായ ധ്വനി ഇതാണ്: എല്ലാം അറിയുകയും കേൾക്കുകയും ചെയ്യുന്ന സ്രഷ്ടാവ് പാഴ്‌വേലയായും അലക്ഷ്യമായും ഒന്നും സൃഷ്ടിക്കുകയില്ല. തന്റെ സൃഷ്ടിയുടെ വാഴ്‌വിലെ യാതൊരു ചലനവും അവൻ അറിയാതിരിക്കുന്നുമില്ല. ഓരോ സൃഷ്ടിക്കും അതിന്റേതായ ധർമം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആ ധർമം പാലിച്ചവരെയും ലംഘിച്ചവരെയും അവൻ വ്യക്തമായി അറിയുന്നുണ്ട്. ഈ അറിവ് നിഷ്ഫലമല്ല. ഓരോ സൃഷ്ടിയും അതിന്റെ ജീവിതചക്രം പൂർത്തിയാക്കിയ ശേഷം അല്ലാഹുവിന്റെ അറിവിലുള്ള, അവരുടെ നന്മകൾക്ക് രക്ഷയും തിന്മകൾക്ക് ശിക്ഷയും അനുഭവിക്കേണ്ടി വരും. ●